(സി) 2002-ൽ പഠിച്ചിറങ്ങിയ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകാത്തത് സംബന്ധിച്ച് അന്വേഷണം നടത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) ഈ സ്കൂളിലെ എത്ര വിദ്യാർത്ഥികൾക്ക് എത്രകാലത്തെ ലംപ്സം ഗ്രാന്റ് നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ഇ) കുടിശ്ശികയായ ലംപ്സംഗ്രാന്റ് ഏത് തീയതിക്ക് മുമ്പ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) സ്കൂൾ വർഷാരംഭത്തിൽത്തന്നെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിമാസ സീലിംഗ് ലഭിക്കുന്ന മുറയ്ക്കും ബില്ലുകൾ ലഭിക്കുന്ന മുൻഗണനാക്രമത്തിലും പാസ്സാക്കിയപ്പോൾ പടനിലം ഹയർ സെക്കന്ററി സ്കൂളിലെ 2001-2002 വർഷത്തെ ബിൽ പാസ്സാക്കി നൽകിയെങ്കിലും ആയത് യഥാസമയം ട്രഷറിയിൽ നിന്ന് മാറിയെടുക്കാൻ കഴിഞ്ഞില്ല.

(സി) കുടിശ്ശികയുള്ള എല്ലാ സ്കൂളുകളുടെയും വിശദവിവരം സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുന്നതാണ്.

(ഡി) മൂന്ന് കുട്ടികൾക്ക് 2000-2001-ലെയും രണ്ട് കുട്ടികൾക്ക് 2001-2002-ലെയും ലംപ്സംഗ്രാന്റ് നൽകാനുണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക നൽകുന്നതാണ്.

(എഫ്) സ്വീകരിക്കുന്നതാണ്.

മത്സ്യബന്ധന തുറമുഖ നവീകരണ പദ്ധതി

126 [1929] ഡോ. തോമസ് ഐസക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കാനുള്ള പദ്ധതിക്ക് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും ധനസഹായം പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയാപ്പ, നീണ്ടകര, ബേപ്പൂർ ഹാർബറുകളുടെ നവീകരണത്തിനായി 1777 ലക്ഷം രൂപയുടെ ഒരു പദ്ധതിരൂപരേഖ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly